**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3187 22.06.2012 ൽ മറുപടിയ്ക്ക്

**ഓർഫനേജുകൾ**

**ചോദ്യം**

**ശ്രീ.വി. ശശി**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള എത്ര ഓർഫനേജുകൾ പ്രവർത്തിക്കുന്നുണ്ട് ; അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ 79 ഓർഫനേജുകളും 24 ഓൾഡ് ഏജ് ഹോമുകളും 35 ഇതര സ്ഥാപനങ്ങളും ഉൾപ്പെടെ ഓർഫനേജ് കൺട്രോൾ ബോർഡ് 138 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഓർഫനേജുകൾക്ക് പ്രസ്തുത ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ? | (ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിന് കേരളാ സ്റ്റേറ്റ് (ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ റൂൾസ് 1961 പ്രകാരം നിശ്ചയിച്ചിട്ടുള്ള A form -ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. 20.02.2008 ലെ G.O.(P) No.13/2008/SWD ഉത്തരവു പ്രകാരം ഒരു അന്തേവാസിയ്ക്ക് 40 സ്ക്വയർ ഫീറ്റ് സ്ഥല സൗകര്യം അക്കോമഡേഷൻ ഉണ്ടായിരിക്കണം. 25 അന്തേവാസികളെ പാർപ്പിക്കാൻ സ്ഥലം ഉണ്ടായിരിക്കണം. സ്ഥലവും കെട്ടിടവും സ്ഥാപനത്തിന് സ്വന്തമായിരിയ്ക്കണം. പുതിയ സ്ഥാപനങ്ങൾക്ക് നിലവിലുള്ള സ്ഥാപനത്തിൽ നിന്ന് 5 കി.മീ. ദൂരപരിധി കോർപ്പറേഷൻ മുൻസിപ്പാലിററി ഏരിയായിലും 10 കി.മീ. ദൂരപരിധി ഗ്രാമ പഞ്ചായത്ത് ഏരിയായിലും ഉണ്ടായിരിയ്ക്കണം. G.O.(P) No.25/2012/SWD dated 13.04.2012 ലെ സർക്കാർ ഉത്തരവ് അനുസരിച്ച് Old Age Home, Home for Women and Children in distress, Home for the rehabilitation of mentally cured and controlled mental patients, Home for the mentally challenged എന്നീ |

| | | |
|---|---|---|
| | | വിഭാഗങ്ങളെ 20.02.2008 ലെ ഉത്തരവിലെ വ്യവസ്ഥയിൽ നിന്ന് 5 വർഷക്കാല ത്തേയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്.<br>അംഗീകാരത്തിന് ലഭിയ്ക്കുന്ന അപേക്ഷയിൻമേൽ അതാത് ജില്ലയിൽ ചാർജ്ജ് ഉള്ള ബോർഡ് അംഗം അന്വേഷണം നടത്തുകയും റിപ്പോർട്ട് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു. അപേക്ഷകന്റേയും സംഘടനയുടെയും സോഷ്യൽ സ്റ്റാറ്റസ്, സൽപ്പേര്, സ്വഭാവം, മുൻകാല ചരിത്രം , യോഗ്യത എന്നിവ പരിശോധിച്ച് ബോർഡിന് യുക്തം എന്ന് തോന്നുന്ന പക്ഷം ബോർഡ് അംഗീകാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ